# കേരള പ്രസ്സ് അക്കാദമി
## കാക്കനാട് : കൊച്ചി – 30

പത്രക്കുറിപ്പ് നം.26/2009 തീയതി : 5..12..2009

## പ്രസ്സ് അക്കാദമി സ്കോളർഷിപ്പിന് മാധ്യമ പ്രവർത്തകർക്ക് അപേക്ഷിക്കാം

മാധ്യമരംഗത്തെ പഠന ഗവേഷണങ്ങൾക്കായി കേരള പ്രസ്സ് അക്കാദമി മാധ്യമപ്രവർത്തകർക്കു നൽകുന്ന സ്കോളർഷിപ്പിന് അർഹരായവരെ തെരഞ്ഞെടുക്കുന്നതിനായി അപേക്ഷ ക്ഷണിച്ചു. സംസ്ഥാനത്തെ മാധ്യമസ്ഥാപനങ്ങളിൽ പ്രവർത്തിക്കുന്നവരും സംസ്ഥാനത്ത് ആസ്ഥാനമുള്ള മാധ്യമങ്ങൾക്ക് വേണ്ടി അന്യസംസ്ഥാനങ്ങളിൽ പ്രവർത്തിക്കുന്നവരുമായ അച്ചടി-ദൃശ്യ-ശ്രാവ്യ മാധ്യമപ്രവർത്തകർക്ക് അപേക്ഷിക്കാം. അപേക്ഷകർ ഏതെങ്കിലും വിഷയത്തിൽ ബിരുദമുള്ളവരും മാധ്യമരംഗത്ത് കുറഞ്ഞത് അഞ്ചുവർഷമെങ്കിലും പ്രവർത്തന പരിചയമുള്ളവരുമായിരിക്കണം. നിശ്ചിത അപേക്ഷാഫോറം, നിയമാവലി എന്നിവ അക്കാദമി ഓഫീസിൽനിന്നും നേരിട്ടും സെക്രട്ടറി, കേരള പ്രസ്സ് അക്കാദമി, കാക്കനാട്, കൊച്ചി - 682 030 എന്ന വിലാസത്തിൽ അപേക്ഷിച്ചാൽ തപാലിലും ലഭിക്കും. കൂടുതൽ വിവരങ്ങൾക്ക് അക്കാദമിയുടെ **0484 2422275** എന്ന ടെലിഫോൺ നമ്പരിൽ ബന്ധപ്പെടാവുന്നതാണ്. പൂരിപ്പിച്ച അപേക്ഷ ഡിസംബർ 31നകം അക്കാദമി ഓഫീസിൽ ലഭിക്കണം.

സെക്രട്ടറി